# കേരള സർവകലാശാല

നം.പി.ആർ.166/2019

ഫോൺ: 2305738
9446173605

# പത്രക്കുറിപ്പ്

## ടൈംടേബിൾ

എട്ടാം സെമസ്റ്റർ ബി.ഡെസ്സ് ഡിഗ്രി പരീക്ഷ 2019 ആഗസ്റ്റ് 7 ന് ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

ആഗസ്റ്റ് 2 ന് നടത്താനിരുന്ന അഞ്ചാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് (പഞ്ചവത്സരം) ബി.എ.എൽ.എൽ.ബി/ബി.കോം.എൽ.എൽ.ബി/ബി.ബി.എ.എൽ.എൽ.ബി പേപ്പർ II – Law of Crimes – Criminal Procedure Code പരീക്ഷ ആഗസ്റ്റ് 6 ലേക്ക് പുനഃക്രമീകരിച്ചിരിക്കുന്നു.

ആഗസ്റ്റ് 2 ന് നടത്താനിരുന്ന രണ്ടാം സെമസ്റ്റർ എം.എ/എം.എസ്.സി/എം.കോം/എം.പി.എ/എം.എസ്.ഡബ്ല്യൂ/എം.എ.എച്ച്.ആർ.എം/എം.എം.സി.ജെ (റെഗുലർ/സപ്ലിമെന്ററി/മേഴ്സിചാൻസ്) പരീക്ഷകൾ ആഗസ്റ്റ് 19 ലേയ്ക്ക് മാറ്റിയിരിക്കുന്നു.

## പരീക്ഷാഫലം

2019 ജൂലൈയിൽ നടന്ന പത്താം സെമസ്റ്റർ ബി.ആർക്ക് റെഗുലർ & സപ്ലിമെന്ററി (2013 സ്കീം) പരീക്ഷാഫലം വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ സി.ബി.സി.എസ് ബി.എ മ്യൂസിക് പ്രാക്ടിക്കൽ ആഗസ്റ്റ് 5 മുതൽ അതതു കോളേജുകളിൽ വെച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

## ഹാൾടിക്കറ്റ്

സർവകലാശാലയിലേയും യൂണിവേഴ്സിറ്റി കോളേജിലേയും പഠന വകുപ്പുകളിലേക്കും ലക്ഷ്മീബായ് നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷനിലേക്കും എം.ഫിൽ പ്രവേശന പരീക്ഷകൾക്കുള്ള ഹാൾടിക്കറ്റ് admissions.keralauniversity.ac.in എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.

## പ്രവേശന പരീക്ഷ

കാര്യവട്ടം സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ, ലക്ഷ്മീഭായി നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ, (സായി – എൽ.എൻ.സി.പി.ഇ) 2019 – 20 അദ്ധ്യയന വർഷത്തെ ബാച്ചി ലർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ (ബി.പി.എഡ് – 2 വർഷം) കോഴ്സിന് എസ്.സി/എസ്.റ്റി വിഭാഗത്തിന് വേണ്ടി മാറ്റിവെയ്ക്കപ്പെട്ട 7 ഒഴിവുകളിലേയ്ക്ക് (പെൺകുട്ടികൾ – 5 & ആൺകുട്ടികൾ – 2) നിശ്ചിത യോഗ്യതയുള്ള എസ്.സി/എസ്.റ്റി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നും പ്രവേശന പരീക്ഷയ്ക്ക് അപേക്ഷ ക്ഷണിക്കുന്നു. യോഗ്യത: എതെങ്കിലും വിഷയത്തിൽ ബിരുദം. താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സഹിതം (അസ്സൽ) ആഗസ്റ്റ് 5 ന് രാവിലെ 8.00 മണിയ്ക്ക് കോളേജിൽ ഹാജരാകേണ്ടതാണ്. ഈ കോഴ്സിലേയ്ക്ക് 2019 – 20 അദ്ധ്യയന വർഷം പ്രവേശന പരീക്ഷയ്ക്ക് ഹാജരായവർ അപേക്ഷിക്കാൻ യോഗ്യരല്ല. വിശദ വിവരങ്ങൾക്ക് www.lncpe.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## യു.ജി/പി.ജി സ്പോർട്സ് ക്വാട്ട പ്രവേശനം

സ്പോർട്സ് ക്വാട്ട അപേക്ഷകളിൻമേലുള്ള പരിശോധന പൂർണ്ണമാകാത്ത സാഹചര്യത്തിൽ ആഗസ്റ്റ് രണ്ടിൽ വിവിധ കോളേജുകളിൽ നടക്കുമെന്നറിയിച്ചിരുന്ന സ്പോർട്സ് ക്വാട്ട സീറ്റുകളിലേയ്ക്കുള്ള പ്രവേശനം മാറ്റിവച്ചിരിക്കുന്നു. പുതിയ തീയതി പിന്നീട് അറിയിക്കുന്നതാണ്.

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

01–08–2019

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ – ചാർജ്)

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098